"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - മലപ്പുറം ജില്ല - പൊന്നാനി നിയോജക മണ്ഡലത്തിലെ വെളിയൻകോട് സൗത്ത് ജി.എം.യു.പി.എസ് - ന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3874/2023/GEDN തീയതി,തിരുവനന്തപുരം, 30-06-2023

---

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. മലപ്പുറം ജില്ലാ കളക്ടറുടെ 05/10/2020 ലെ ആർ. ഡി.3/ 544/19 നമ്പർ ഉത്തരവ്
4. മലപ്പുറം ജില്ലാ കളക്ടറുടെ 23/08/2022 ലെ ആർ. ഡി.3/ 544/19 നമ്പർ ഉത്തരവ്
5. 20/12/2022 ലെ സ.ഉ(സാധാ) 8269/2022/പൊവിവ നമ്പർ ഉത്തരവ്
6. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 16/05/2023 ലെ സി 6/27431/19 നമ്പർ കത്ത്

**ഉത്തരവ്**

ആസ്തിവികസന ഫണ്ടിൽ (2017-18) നിന്നും പൊന്നാനി നിയോജകമണ്ഡലത്തിലെ വെളിയങ്കോട് സൗത്ത് ജി.എം.യു.പി.എസ് - ന് 4202-01-800-84-Projects under LAC ADS - other Projects (NP) എന്ന ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിനായി 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തുക ഇതുവരെ ബിംസിൽ ലഭ്യമായിട്ടില്ല എന്നും ആയതിനാൽ തുക ബിംസിൽ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം (6) പ്രകാരം അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊന്നാനി നിയോജകമണ്ഡലത്തിലെ വെളിയങ്കോട് സൗത്ത് ജി.എം.യു.പി.എസ് - ന് ബസ് വാങ്ങിയ ഇനത്തിൽ ചെലവായ 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം 4202-01-800-84-Projects under LAC ADS - other Projects (NP)

എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3), (4) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്) , തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba Jayadevan
Date: 30-06-2023 14:51:03
സെക്ഷൻ ഓഫീസർ